# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/57/2017 പത്രക്കുറിപ്പ് 2017 മാർച്ച് 16

**പ്രാക്ടിക്കൽ & വൈവാവോസി**

2017 ഫെബ്രുവരിയിൽ നടത്തിയ ബി.എസ്.സി ഇലക്ട്രോണിക്സ് (ഒന്നു മുതൽ ആറു വരെ സെമസ്റ്റർ -2000 മുതൽ 2008 വരെയുള്ള അഡ്മിഷൻ മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ, വൈവാവോസി മാർച്ച് 22 ന് ഇടപ്പള്ളി യൂണിവേഴ്സിറ്റി കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ വച്ച് നടത്തും. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്ബ്സൈറ്റിൽ ലഭ്യമാണ്.

2017 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്സി ബോട്ടണി ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 23 മുതൽ അതാത് കോളേജുകളിൽ വച്ച് നടത്തും. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്ബ്സൈറ്റിൽ ലഭ്യമാണ്. ഇതോടനുബന്ധിച്ച എക്സാമിനേഴ്സിന്റെ യോഗം 21 ന് രാവിലെ 11 മണിക്ക് സിൽവർ ജൂബിലി പരീക്ഷാ ഭവന്റെ 201 -ാം റൂമിൽ നടത്തും.

**പരിക്ഷാഫലം**

മണിമലക്കുന്ന് റ്റി.എം.ജെ.എം.ജി കോളേജിൽ 2016 ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്സി ഫിസിക്സ് (2014 അഡ്മിഷൻ റഗുലർ) മോഡൽ 1 ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരി ശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മാർച്ച് 30 വരെ സ്വീകരിക്കും.

2015 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി. കംപ്യൂട്ടർ സയൻസ് (നോൺ സി.എസ്.എസ് സപ്ലിമെന്ററി) മേഴ്സിചാൻസ് പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മാർച്ച് 27 വരെ സ്വീകരിക്കും.

2016 നവംബറിൽ നടത്തിയ അവസാന സെമസ്റ്റർ മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. ഗാന്ധിനഗർ സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷനിലെ എ. മുഹമ്മദ് റാഫി (3262/4000), റ്റി. നിസാമുദ്ദീൻ (3205/4000), മോനിഷ പ്രശാന്ത് (3140/4000) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ മാർച്ച് 29 വരെ സ്വീകരിക്കും.

**ഹയർ എഡ്യൂക്കേഷൻ സർവ്വേ**

എ.ഐ.എസ്.എച്ച്.ഇ സർവ്വേ പൂർത്തികരിക്കാത്ത അഫിലിയേറ്റഡ് കോളേജുകൾ മാർച്ച് 20 ന് മുൻപായി www.aishe.gov.in എന്ന വെബ്സൈറ്റിൽ ഡാറ്റാ അപ്ലോഡ് ചെയ്യേണ്ടതാണ്. ഫോൺ : 9447 101 530.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**